പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 871 — 13.06.2012-ൽ മറുപടിയ്ക്ക്

## യുവജനക്ഷേമപദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി<br>,, ഹൈബി ഈഡൻ<br>,, ലൂഡി ലൂയിസ്<br>,, എ. റ്റി. ജോർജ് | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; | (എ) യുവജനങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധങ്ങളായ പരിശീലന-ബോധവൽക്കരണ പദ്ധതികൾ, കാർഷിക പദ്ധതികൾ, സാംസ്കാരിക കലാമേളകൾ, കലാ-കായിക കാർഷിക മൽസരങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പുകൾ, വനിതകൾക്കായുള്ള പദ്ധതികൾ, പട്ടികജാതി-പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി വിവിധ പരിപാടികൾ, യൂത്ത് ഭവനുകൾ, യുവ അതിഥി മന്ദിരങ്ങൾ, യുവാക്കൾക്കായി വ്യക്തിത്വ വികസന ക്യാമ്പുകൾ, തൊഴിൽ മേളകൾ, തൊഴിലന്വേഷകർക്കായി 'ജാലകം' വെബ്സൈറ്റ്, പ്രവാസി മലയാളികൾക്കായി ഓറിയന്റേഷൻ പ്രോഗ്രാമുകൾ, സ്വയം തൊഴിൽ പരിശീലന പരിപാടികൾ, ട്രൈബൽ ഫെസ്റ്റ്, ജില്ല - സംസ്ഥാന തലങ്ങളിൽ യുവ നേതൃത്വ പദ്ധതികൾ മുതലായവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ കായിക യുവജനകാര്യ വകുപ്പ് മുഖാന്തിരം യുവജനങ്ങൾക്കായി ദേശീയ യുവജനാഘോഷം, ഫസ്റ്റ് എയിഡ് ക്യാമ്പ്, നെഹ്റു യുവകേന്ദ്രയുടെ കീഴിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യുവജനങ്ങളുടെ സൈക്കിൾ റാലി, കരിയർ ഗൈഡൻസ് എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ്വാമി വിവേകാനന്ദന്റെ 150-ാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി ശ്രീരാമകൃഷ്ണമിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിപുലമായ പരിപാടികൾക്ക് സാമ്പത്തിക സഹായം നൽകുവാനും ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവർക്കുവേണ്ടി ഒരു യുവജനകമ്മീഷൻ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുമോ; | (ബി) & (സി) | യുവജന കമ്മീഷൻ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ നടപടിയായി യുവജന കമ്മീഷൻ ചെയർ പേഴ്സണായി ഡോ. സിന്ധു ജോയിയെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെയും നിയമിച്ചു കഴിഞ്ഞു. കമ്മീഷന്റെ പ്രവർത്തനങ്ങളെയും അധികാരങ്ങളെയും മറ്റും പ്രതിപാദിക്കുന്ന ആക്ടിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ